# നാഗാരാധനയും
# മണ്ണാറശ്ശാലയും

## നാഗാരാധന

ഭൂലോകത്തിന്റെ ഏത് കോണിലുള്ള പുരാതന സംസ്കാരവും നാഗങ്ങൾക്ക് അന്യൂനമായ പ്രധാന്യമാണ് കൽപ്പിച്ചിരിക്കുന്നത്. ഭാരതത്തിലെ പ്രസിദ്ധമായ ഗുഹാചിത്രങ്ങളിലും പുരാതനക്ഷേത്രശിൽപങ്ങളിലും നാഗരാജാവിന്റെയും നാഗപത്നിമാരുടെയും മറ്റു നാഗദേവകളുടെയും രൂപങ്ങൾ ദൃശ്യമാണ്. ഭാരതത്തിൽ പ്രത്യേക ആരാധനയുടെ വ്യത്യസ്ത ആവിഷ്ക്കാരങ്ങൾ വേദകാലഘട്ടത്തിൽ വളരെ പ്രകടമായിരുന്നു. ഇതിന്റെ ഭാഗമായാണ് നാഗാരാധനയെയും കാണാൻ കഴിയുന്നത്. ദ്രാവിഡസംസ്ക്കാരത്തിന്റെ ഒരു സവിശേഷ വിഭാഗമാണ് നാഗാരാധന.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ നാഗാരാധനയ്ക്ക് പ്രകൃത്യാരാധനയുടെ സ്വഭാവമാണ് പ്രകടമാകുന്നത്. നാഗശിലകളും ചിത്രകൂടങ്ങളും പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സർപ്പക്കാവുകളും കുളങ്ങളും ചേർന്ന ആവാസവ്യവസ്ഥയുടെ സംരക്ഷണം കൂടി ഉൾപ്പെട്ട ആരാധനാസമ്പ്രദായമാണ് ഇവിടെ ഉള്ളത്. കേരളത്തിൽ പണ്ടുകാലം മുതൽ സർപ്പാരാധന നിലനിന്നിരുന്നതായി ചരിത്രങ്ങളിലും ഐതീഹ്യങ്ങളിലും പറയുന്നുണ്ട്. കേരളഭൂമിയുടെ പിറവി പരശുരാമനും സർപ്പങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് കേരളോൽപ്പത്തിയിൽ പ്രസ്താവിക്കുന്നുണ്ട്. മണിമേഖല, പെരുമ്പാണാറ്റുപ്പട എന്നീ തമിഴ്കൃതികളിൽ കേരളത്തെ നാഗലോകമായി പരാമർശിക്കുന്നു. നാഗങ്ങളുടെ ഉൽപ്പത്തിചരിത്രവും പരിണാമങ്ങളും പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് നാഗപുരാണം.

കേരളത്തിലെ നാഗാരാധനയുടെ ഭാഗമാണ് ഗൃഹങ്ങളിൽ കാണുന്ന സർപ്പക്കാവുകൾ. പ്രാചീനകാലം തൊട്ടേ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധമായ ബന്ധം സ്പഷ്ടമാക്കുന്നവയാണ് ഇവ. കാവുകൾ മനുഷ്യന്റെ ചുറ്റുപാടുകളെ പ്രകൃതിയുടെ താളത്തിനനുസരിച്ച് നിലനിർത്താൻ സഹായിക്കുന്നു. സർപ്പക്കാവുകളിലെ വൃക്ഷങ്ങളും പക്ഷിമൃഗാദികളും പരിസ്ഥിതിസന്തുലനത്തിന്റെ സന്ദേശമാണ് നൽകുന്നത്. നാഗാരാധനയ്ക്ക് നൽകിയിരുന്ന പ്രാധാന്യം കാവുകളെ സംരക്ഷിക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്. സർപ്പകോപത്തിന് ഇടയാക്കുമെന്ന് വിശ്വാസമുള്ളതിനാൽ ഇവ നശിപ്പിക്കാതെ ഇന്നും നിലനിർത്താൻ സമൂഹം വലിയൊരളവിൽ ശ്രദ്ധിക്കുന്നു. ഇത് പരിസ്ഥിതി സന്തുലനത്തിന് സഹായകമാകുന്നുണ്ട്.

മണ്ണിലെ ഓരോ ഇഞ്ച് സ്ഥലവും കാടാക്കി മാറ്റാനുള്ള പ്രകൃതിയുടെ ഇച്ഛാശക്തിക്ക് ദൃഷ്ടാന്തമാണ് കാവുകൾ. മനുഷ്യൻ കടന്നുചെല്ലാത്തിടമൊക്കെ കാലം ചെല്ലുന്തോറും കാടായി പരിണമിക്കുന്നു. തേനീച്ചയും പൂമ്പാറ്റയും കിളിയും മൃഗങ്ങളുമെല്ലാം ഈ വനവൽക്കരണത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സഹായിക്കുന്നു. "കാവു തീണ്ടരുത്, കുളം വറ്റും" എന്ന പഴമൊഴി കാവു

കളുടെ പ്രാധാന്യത്തെ വിളിച്ചോതുന്നതാണ്. കാട് വിട്ട് കൃഷി ചെയ്യാൻ സമതലത്തിലേക്ക് ഇറങ്ങിയ ആദിമനുഷ്യന് കാവിന്റെ പ്രാധാന്യവും കാടും കാവും തമ്മിലുള്ള സാധർമ്മ്യവും വ്യക്തമായി മനസ്സിലായിരുന്നു. കാവുകൾ വിളക്കും മാലയും ചാർത്തുന്ന ദേവതാസ്ഥാനങ്ങളായത് ആദിമനുഷ്യന്റെ അറിവും വിനയവും ഒത്തുചേർന്നപ്പോഴാണ്. കാവു തീണ്ടിയാൽ കുളം വറ്റുമെന്നും കാവിലെ വൃക്ഷം മുറിച്ചുമാറ്റിയാൽ പാലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്നും അവർ തലമുറകളെ പഠിപ്പിച്ചു.

മലയാളത്തനിമയുള്ള പദമാണ് കാവ്. വൃക്ഷങ്ങളും അതിൽ ചുറ്റിപ്പടർന്ന വള്ളികളും മുൾച്ചെടികളും എല്ലാം നിറഞ്ഞ സർപ്പക്കാവുകൾ പ്രകൃതിഭംഗി ഒത്തിണങ്ങിയതാണ്. ക്ഷേത്രസങ്കൽപ്പത്തിന്റെ പ്രാചീനരൂപങ്ങൾ, ഗ്രാമങ്ങളെ പ്രതിനിധീകരിച്ച് കാവുകളും വീടുകളെ പ്രതിനിധീകരിച്ച് സർപ്പക്കാവുകളുമാണെന്ന് പറയാം. കേരളത്തനിമയുടെയും ആരാധനയുടെയും ദൃശ്യതയാണ് ഇവ പ്രദാനം ചെയ്യുന്നത്. പ്രാചീനജനത സർപ്പദൈവങ്ങളെ അവരുടെ സംസ്ക്കാരത്തിന്റെ ഭാഗമാക്കി എന്നതാണ് യാഥാർത്ഥ്യം. സർപ്പക്കാവുകളുടെ ഉത്ഭവത്തെ സംബന്ധിച്ച പുരാവൃത്തം കേരളത്തിലെ ഹൈന്ദവജനതയുടെ ആചാരവിശ്വാസങ്ങളിലേക്കും ജീവിതശൈലിയിലേക്കും വെളിച്ചം വീശുന്നു. പ്രസിദ്ധമായ മണ്ണാറശ്ശാല നാഗരാജക്ഷേത്രത്തിന്റെ ഐതീഹ്യവും കേരളത്തിന്റെ ഉത്പ്പത്തി ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. കശ്യപമഹർഷി വിവാഹം കഴിച്ച ദക്ഷപുത്രിമാരിൽ കദ്രുവാണ് നാഗമാതാവെന്ന് വിശേഷിപ്പിക്കപ്പെടുന്നത്. കദ്രുവിന്റെ ആയിരം നാഗസന്തതികൾക്ക് ആയിരം വർഷം ആയുസ്സ് ഉണ്ടായിരുന്നുവെന്നും ഉത്തമവിഭാഗത്തിൽപ്പെട്ട സർപ്പങ്ങൾ തപസനുഷ്ഠിച്ചതിന്റെ ഫലമായി ദേവലോകത്തെ ലക്ഷ്യമാക്കി അവ പറന്നുപോയെന്നും താപമേറ്റ് ഭൂമിയിൽ പതിച്ച അവരുടെ അംശങ്ങളാണ് സർപ്പക്കാവുകളായി മാറിയതെന്നുമാണ് പുരാവൃത്തം. പാലമരം, ആൽമരം, ഇലഞ്ഞിമരം തുടങ്ങിയ വൃക്ഷങ്ങൾ വളർന്ന് കാലാന്തരങ്ങളിൽ സർപ്പക്ഷേത്രങ്ങളായി മാറിയത്രേ.

## മണ്ണാറശ്ശാല

തെക്കൻ തിരുവിതാംകൂറിൽ നാഗാരാധനയ്ക്ക് പ്രാധാന്യമുള്ള ക്ഷേത്രങ്ങളാണ് മണ്ണാറശ്ശാല ക്ഷേത്രവും, വെട്ടിക്കോട് ക്ഷേത്രവും. ക്ഷേത്രപൂജയിൽ സ്ത്രീക്ക് സമ്പൂർണ്ണ അധികാരമുള്ള ഇന്ത്യയിലെ ഏക ക്ഷേത്രമാണ് മണ്ണാറശ്ശാല. ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര പ്രദേശത്ത് വൻമരങ്ങളും വള്ളിപ്പടർപ്പുകളും കാവുകളും കുളങ്ങളും ചിത്രകൂടങ്ങളും നിറഞ്ഞുനിൽക്കുന്ന നാഗരാജാക്ഷേത്രമാണിത്. തലമുറകളായി കൈമാറിവന്ന പാരമ്പര്യ ആചാരാനുഷ്ഠാനങ്ങളുള്ള ക്ഷേത്രമെന്ന നിലയിൽ മറ്റ് ക്ഷേത്രങ്ങളിൽ നിന്ന് മണ്ണാറശ്ശാല വ്യത്യസ്തമാകുന്നു.

മണ്ണാറശ്ശാല ക്ഷേത്രത്തിന്റെ ഉത്പ്പത്തിക്കു പിന്നിൽ വ്യത്യസ്തമായ ഐതീഹ്യങ്ങളുണ്ട്. പരശുരാമസൃഷ്ടമായ കേരളഭൂമി ദാനമായി ലഭിച്ച ബ്രാഹ്മണർ അത് വാസയോഗ്യമല്ലെന്ന് കണ്ട് പരശുരാമനോട് സങ്കടമുണർത്തുകയും

പരശുരാമന്റെ തപസ്സിൽ പ്രത്യക്ഷപ്പെട്ട പരമശിവൻ ഭൂമിയുടെ രക്ഷയ്ക്ക് നാഗരാജാവിനെ പ്രീതിപ്പെടുത്തുകയാണ് വേണ്ടതെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഗുരുനാഥൻ നിർദ്ദേശിച്ച പ്രകാരം പരശുരാമൻ നാഗരാജാവിനെ പ്രീതിപ്പെടുത്താൻ തപസ്സു ചെയ്യുകയും പ്രത്യക്ഷനായ നാഗരാജാവ് ഭൂമിയുടെ രക്ഷയ്ക്കായി ഇവിടെ കുടികൊള്ളാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. നാഗരാജാവ് കുടികൊണ്ട സ്ഥലമാണ് മണ്ണാറശ്ശാലയായി മാറിയത്.

മണ്ണാറശ്ശാല എന്ന പേരിന്റെ പിന്നിൽ പല ഐതീഹ്യങ്ങളുണ്ട്. ഒരിക്കൽ അഗ്നിബാധ ഉണ്ടായി എന്നും തീയണയ്ക്കുവാനുള്ള അന്തർജനങ്ങളുടെ ശ്രമം ഫലപ്രദമായിട്ടും അവിടത്തെ മണ്ണ് ചൂട് പിടിച്ച് അവശേഷിച്ചിരുന്നു എന്നുമാണ് പറയപ്പെടുന്നത്. ചൂടാറിയ മണ്ണിന്റെ പേര് "മണ്ണാറിയശാല"- "മണ്ണാറശ്ശാല" എന്നായി മാറിയത്രേ.

മണ്ണാറശ്ശാല എന്ന പേരിന്റെ പിന്നിലുള്ള മറ്റൊരു ഐതീഹ്യം മണ്ണാറശ്ശാല ക്ഷേത്രത്തിൽ നിറയെ സുഗന്ധം പരത്തുന്ന മന്ദാരങ്ങളുണ്ടായിരുന്നുവെന്നും അങ്ങിനെ ഈ ക്ഷേത്രത്തിന് "മന്ദാരശ്ശാല" എന്നു പേരുണ്ടായി എന്നുമാണ്. ഈ പേരാണ് പിന്നീട് മണ്ണാറശ്ശാലയായി മാറിയത് എന്നാണ് പരക്കെയുള്ള വിശ്വാസം.

അഗ്നിബാധിതമായ മണ്ണാറശ്ശാലയിലെ പൂജാവിധികൾ നിർവ്വഹിക്കുന്നതിന് നേതൃത്വം നൽകുന്നത് ബ്രാഹ്മണസ്ത്രീയാണെന്നത് ഒരു സവിശേഷതയാണ്. അതിനു പിന്നിലുള്ള ഐതീഹ്യം ഈ അഗ്നിബാധയുമായി ബന്ധപ്പെട്ടതാണ്. ചൂട് താങ്ങാനാകാതെ കഷ്ടപ്പെട്ട സർപ്പക്കുഞ്ഞുങ്ങളെ സന്താനസൗഭാഗ്യമില്ലാതിരുന്ന ബ്രാഹ്മണപത്നി മഞ്ഞൾപ്പൊടി, പാൽ, തേൻ, കരിക്കിൻ വെള്ളം എന്നിവയാൽ പരിചരിച്ചുവെന്നും സംപ്രീതനായ നാഗരാജാവ് ബ്രാഹ്മണസ്ത്രീയുടെ മകനായി ജനിക്കുമെന്ന് സ്വപ്നത്തിൽ പറഞ്ഞുവെന്നുമുള്ള പ്രബലമായ വിശ്വാസം ദേശവാസികൾക്കുണ്ട്. ആ ബ്രാഹ്മണസ്ത്രീ പഞ്ചശിരസ്സോടുകൂടിയ ഒരു നാഗശിശുവിനും ഒരു മനുഷ്യക്കുഞ്ഞിനും ജന്മം നൽകിയത്രേ. കുട്ടിക്കാലം കഴിഞ്ഞപ്പോൾ നാഗശിശു തപസ്സിനായി നിലവറയിലേക്ക് പോകുകയും തനിക്കുള്ള ഭക്ഷണം അമ്മ തന്നെ നിലവറയിൽ തന്നാൽ മതിയെന്ന് പറയുകയും അന്നു മുതൽ മണ്ണാറശ്ശാലയിലെ അമ്മ ഭഗവാന്റെ മാതൃസ്ഥാനീയയായി ആരാധിക്കപ്പെട്ടു പോരുകയും ചെയ്യുന്നു എന്നു വിശ്വസിക്കപ്പെടുന്നു.

## പൂജാദികർമ്മങ്ങളിലെ സ്ത്രീ സാന്നിദ്ധ്യം

ക്ഷേത്രപൂജയിൽ സ്ത്രീയ്ക്ക് സമ്പൂർണ്ണ അധികാരമുള്ള ഇന്ത്യയിലെ ഏക ക്ഷേത്രമാണ് മണ്ണാറശ്ശാല എന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ. പൂജയും എഴുന്നള്ളത്തുമെല്ലാം വലിയമ്മയുടെ മാത്രം അവകാശമാണ് എന്നതാണ് മണ്ണാറശ്ശാലയുടെ പ്രത്യേകത മൂപ്പേൽക്കുന്ന വലിയമ്മമാർക്കാണ് അധികാരം ലഭിക്കുന്നത്. സ്ഥാനമേൽക്കുന്ന സമയം മുതൽ അമ്മ നിത്യ ബ്രഹ്മചാരിയായി കഴിയുന്നു. വലിയമ്മ തന്നെയാണ് പൂജ നടത്തേണ്ട ദിവസങ്ങൾ നിശ്ചയിക്കുന്നത്. വലിയമ്മയ്ക്ക് അസൗകര്യം നേരിട്ടാൽ ഈ പൂജ ആരും നടത്താൻ പാടുള്ളതല്ല. അമ്മ സർപ്പദൈവങ്ങളുടെ മാതാവാണ്. സർപ്പങ്ങളെ അമ്മ സ്നേഹപൂർവ്വം ''ഉണ്ണികളെ'' എന്നാണ് വിളിച്ചു വരുന്നത്. സർപ്പബലിയും ആയില്യം പൂജയും നടത്തുന്നത് അമ്മയാണ്. വലിയമ്മയുടെ ദർശനം ഭഗവദ്ദർശനം പോലെ തന്നെ പവിത്രമാണ്. ആശ്രയം തേടി വരുന്നവർ അമ്മയുടെ സാന്ത്വന നിർദ്ദേശങ്ങളനുസരിച്ച് വഴിപാട് നടത്തി കൃതാർത്ഥരാകുകയും ചെയ്യുന്നു. ദൈവമെന്ന സങ്കൽപം അമ്മയെന്ന യാഥാർത്ഥ്യത്തിലൂടെ അനുഭവവേദ്യമാവുകയാണിവിടെ.

# പ്രതിഷ്ഠകൾ

# വഴിപാടുകൾ-

# കാലത്തിനൊത്ത്

## പ്രതിഷ്ഠകൾ

മണ്ണാറശ്ശാലക്കാവിലുള്ള അനേകം നാഗരൂപങ്ങളിൽ ശൈവ-വൈഷ്ണവ രീതിയിലുള്ള പ്രതിഷ്ഠകളുണ്ട്. അഷ്ടനാഗങ്ങളിൽ നാഗരാജാ വായ വാസുകി അനന്തനായി ആരാധിക്കപ്പെടുന്ന ക്ഷേത്രമാണ് മണ്ണാറശ്ശാല. ശൈവ സങ്കൽപ്പത്തിലുള്ള വാസുകിയാണ് ശ്രീകോവിലിലെ പ്രധാന പ്രതിഷ്ഠ. വാസുകി യുടെ ഭാര്യ സങ്കൽപ്പത്തിലുള്ള സർപ്പയക്ഷിയുടെ പ്രതിഷ്ഠ ഇടതുഭാഗത്തുണ്ട്. വിഷ്ണു സങ്കൽപ്പത്തിലുള്ള അനന്തൻ മണ്ണാറശ്ശാല ഇല്ലത്തെ നിലവറയിൽ ചിരംജീവിയായി വാഴുന്നുണ്ടെന്നാണ് വിശ്വാസം. അനന്തന്റെ ഭാര്യയായി സങ്കൽപ്പി ക്കപ്പെടുന്ന നാഗയക്ഷിയുടെ പ്രതിഷ്ഠ പടിഞ്ഞാറ് ഭാഗത്തും നാഗരാജാവിന്റെ സഹോദരിയായി സങ്കൽപ്പിക്കപ്പെടുന്ന നാഗചാമുണ്ഡിയുടെത് തെക്ക് ഭാഗത്തും കാണാം. ശ്രീ ധർമ്മശാസ്താവിനും ഭദ്രകാളിയ്ക്കും ഇവിടെ ക്ഷേത്രങ്ങളുണ്ട്.

## നിലവറയും മുത്തശ്ശൻ സങ്കൽപ്പവും അപ്പൂപ്പൻകാവും

മണ്ണാറശ്ശാലയിലെ ആദ്യ പൂജാരിണി ശ്രീദേവി അന്തർജനം എടുത്തു വളർത്തിയ സർപ്പശിശു സൈരവിഹാരം നടത്തിയ കാവായി രുന്നു "അപ്പൂപ്പൻകാവ്". ഇല്ലത്തെ നിലവറയിൽ "അപ്പൂപ്പൻ" (മുത്തശ്ശൻ) എന്ന പേരിൽ സർപ്പം ചിരംജീവിയായി വാഴുന്നു എന്നാണ് വിശ്വാസം. നിലവറയ്ക്കു മുന്നിലെ തളത്തിൽ നാഗക്കളമെഴുതി അവിടെയാണ് ആയില്യം നാളിൽ സർപ്പദൈ വങ്ങൾക്ക് വലിയമ്മ നൂറും പാലും കഴിക്കുന്നത്.

## മണ്ണാറശ്ശാലയിലെ പ്രധാന വഴിപാടുകൾ

സർപ്പദോഷ പരിഹാരത്തിനായി നടത്തുന്ന പ്രധാന വഴി പാടുകളാണ് നൂറും പാലും, സർപ്പബലി, ആയില്യം പൂജ എന്നിവ. സർപ്പദോഷ പരി ഹാരത്തിനായി മണ്ണാറശ്ശാലയിൽ നടത്തുന്ന നൂറും പാലും വഴിപാട് ധാരാളം ഭക്തജ നങ്ങൾ പ്രാധാന്യത്തോടെ സ്വീകരിക്കാറുണ്ട്. ഒരു രാത്രി മുഴുവൻ നീണ്ടു നിൽക്കുന്ന സർപ്പപൂജയാണ് സർപ്പബലി. ഈ പൂജ അമ്മയാണ് നടത്തുന്നത്. കന്നിമാസത്തിലെ ആയില്യം നാൾ കഴിഞ്ഞാരംഭിക്കുകയും ഇടവമാസം 15 വരെ നീളുകയും ചെയ്യുന്ന വഴിപാടാണിത് അല്ലാത്ത മാസങ്ങളിൽ എല്ലാ ആയില്യം നാളിനും ഇത് നടത്താറുണ്ട്. ആയില്യം പൂജ നടത്തുന്നതും അമ്മയാണ്.

## മണ്ണാറശ്ശാലയിലെ ആയില്യം ചടങ്ങുകൾ

ആയില്യം നാൾ ഉച്ചപൂജ കഴിഞ്ഞ് ഇല്ലത്തെ നിലവറയ്ക്ക് മുന്നിൽ വലിയമ്മയുടെ നേതൃത്വത്തിൽ ഇല്ലത്തെ തിരുമേനിമാർ കളം വരയ്ക്കുന്നു. 64 ഖണ്ഡങ്ങളിലായി സർപ്പം ചുറ്റിയിരിക്കുന്ന രൂപത്തിലാണ് നാഗക്കളം തയ്യാറാക്കു ന്നത്. കളം പൂർത്തിയായാലുടൻ അമ്മ തീർത്ഥക്കുളത്തിലെത്തും. കുളിച്ച് ഈറ നോടെ ഓലക്കുട ചൂടി ക്ഷേത്രത്തിലേക്ക് നീങ്ങും. ഇളയമ്മയും കാരണവന്മാരും

വലിയമ്മയെ അനുഗമിക്കും. അമ്മ ശ്രീകോവിലിൽ പ്രവേശിച്ച് പൂജ കഴിക്കുന്നു. തുടർന്ന് കാരണവർ കുത്തു വിളക്കിലേക്ക് ദീപം പകർത്തുന്നു. ഈ സമയം ശംഖ്, തിമിലപ്പാണി, വായ്ക്കുരവ എഴുന്നള്ളത്ത് തുടങ്ങുകയായി.

അമ്മ നാഗരാജാവിന്റെ തിരുമുഖം നാഗഫണവും, ഇളയമ്മ സർപ്പയക്ഷിയുടെയും, കാരണവന്മാർ നാഗയക്ഷി, നാഗചാമുണ്ഡി എന്നിവരുടെ വിഗ്രഹങ്ങളുമായി ക്ഷേത്രത്തിനു വലം വെച്ച് ഇല്ലത്തേയ്ക്ക് നീങ്ങുന്നു. രാജചിഹ്നങ്ങളായ ഛത്ര-മരം, ധ്വജങ്ങൾ, മുത്തുക്കുട, ആലവട്ടം, വെൺചാമരം എന്നിവയുടെ അകമ്പടിയുണ്ടാകും. നാദസ്വരം, പഞ്ചവാദ്യം, തിമില, ഇടയ്ക്ക എന്നിവ മേളക്കൊഴുപ്പേകും. പുള്ളുവൻ പാട്ടിന്റെ ഈരടികൾ മണ്ണാറശ്ശാല മുഴുവൻ പരക്കും.

എഴുന്നള്ളത്ത് ഇല്ലത്തേയ്ക്ക് നീങ്ങുമ്പോൾ ഇരുവശവും ഭക്തജനങ്ങൾ വായ്ക്കുരവയും ശരണം വിളിയുമായി എതിരേൽക്കും. എഴുന്നള്ളത്ത് ഇല്ലത്ത് എത്തിച്ചേരുമ്പോൾ വിഗ്രഹങ്ങൾ നിലവറയ്ക്കു മുന്നിലെ തളത്തിൽ പ്രതിഷ്ഠിച്ച് അമ്മ പതിവുപൂജകൾ നടത്തും. പൂജകൾ തീരുമ്പോൾ അർദ്ധരാത്രിയാകും. നിലവറയിലെ നാഗദൈവത്തിനുള്ള പൂജകൾക്കു ശേഷം വലിയമ്മയുടെ അനുമതി വാങ്ങി കുടുംബകാരണവർ "ആകാശസർപ്പങ്ങൾക്കും, പാതാളസർപ്പങ്ങൾക്കും" പൂജകഴിക്കും. ഇല്ലത്തിനു സമീപം പ്രത്യേകമായി ഉയരത്തിൽ തയ്യാറാക്കിയ വേദിയിലാണ് പൂജ. "തട്ടിന്മേൽ നൂറും പാലും പൂജ" എന്നിതറിയപ്പെടുന്നു. പിറ്റേ ദിവസം മകം നാളിൽ ക്ഷേത്രശുദ്ധിക്രിയകൾക്കു ശേഷമേ പതിവു പൂജകൾ തുടങ്ങൂ. ലോകമെമ്പാടുമായി വ്യാപിച്ചു കിടക്കുന്ന ജനസഹസ്രങ്ങളെ ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നു എന്നത് ഈ ആയില്യം മഹോത്സവത്തിന്റെ ശക്തിയും പ്രത്യേകതയുമാണ്.

## മണ്ണാറശ്ശാലയിലെ "സർപ്പംപാട്ടും തുള്ളലും"

നാൽപ്പത്തു വർഷം കൂടുമ്പോൾ നടത്തപ്പെടുന്ന മഹായജ്ഞമാണ് സർപ്പംപാട്ടും തുള്ളലും. പ്രത്യേകം യജ്ഞശാല തയ്യാറാക്കി അവിടെയാണ് സർപ്പംപാട്ടും തുള്ളലും നടക്കുന്നത്. നാഗരാജാവിന്റെയും നാഗയക്ഷിയുടെയും വിഗ്രഹങ്ങൾ അവിടെ എഴുന്നള്ളിച്ച് ഇരുത്തും. നാഗരാജാവ്, സർപ്പയക്ഷി, നാഗയക്ഷി, അഞ്ചുതലനാഗം, കുഴിനാഗം, എരിനാഗം, പറനാഗം എന്നീ ഒൻപത് നാഗങ്ങളെ പ്രതിനിധീകരിച്ച് ഒൻപത് പേർ തുള്ളലിൽ പങ്കെടുക്കും. നാഗരാജാവിനെയും നാഗയക്ഷിയെയും പ്രതിനിധീകരിക്കുന്നത് വലിയമ്മയും, ഇല്ലത്തെ അടുത്ത അവകാശിയുമാണ്. ഏഴ് നായർ കുടുംബങ്ങളിൽ നിന്നുള്ള പ്രതിനിധികളായിരിക്കും പിണിയാളാകുന്നത്. വ്രതാനുഷ്ഠാനത്തോടുകൂടി തുള്ളലിന് തയ്യാറെടുക്കുന്നവർക്ക് അമ്മ തീർത്ഥവും പ്രസാദവും നൽകുകയും തുടർന്ന് പൂക്കുല നൽകുകയും ചെയ്യും. പുള്ളുവൻപാട്ടും മേളക്കൊഴുപ്പും കാണികളുടെ ആർപ്പും കുരവയും കേട്ട് അനുഗ്രഹം ലഭിച്ച തുള്ളക്കാർ തുള്ളിത്തുടങ്ങുകയും ചെയ്യും. തുള്ളൽ ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും അമ്മയുടെ നിർദ്ദേശപ്രകാരമാണ് യജ്ഞശാലയുടെ തറയിൽ സർപ്പദേവതയുടെ രൂപമാണ് കളമെഴുതുന്നത്. ഓരോ നാഗദേവതയുടെയും രൂപം

മാറി മാറി എഴുതും. കളമെഴുത്തിനൊപ്പം പാട്ടും നടക്കും. നാഗദേവതകൾക്ക് ഏറ്റവും പ്രിയങ്കരവും അനുഷ്ഠാനങ്ങളിൽ ശ്രേഷ്ഠവുമാണ് സർപ്പംപാട്ട്. സർപ്പംപാട്ട് നടത്തുന്നതിന്റെ അടുത്ത വർഷം ഗന്ധർവ്വൻപാട്ട് നടത്തും. കുറുപ്പന്മാർ കളമെഴുതി വലിയമ്മ പൂജ നടത്തുന്ന ചടങ്ങാണിത് ഇവ രണ്ടും കഴിഞ്ഞാൽ അടുത്ത വർഷം പുലസർപ്പംപാട്ടും നടത്തുന്നു.

## ഉരുളികമഴ്ത്തൽ

മണ്ണാറശാലയിലെ വിശ്വപ്രസിദ്ധമായ നേർച്ചകളിലൊന്നാണ് ഉരുളികമഴ്ത്തൽ. പരശുരാമനാൽ സ്ഥാപിതമായ ക്ഷേത്രത്തിലെ പൂജാകാര്യങ്ങൾക്കായി നിയോഗിക്കപ്പെട്ട ഇല്ലത്തെ ശ്രീദേവി അന്തർജനം നാഗപ്രീതിയിലൂടെ സർപ്പശിശുവും മനുഷ്യശിശുവും ചേർന്നുള്ള ഇരട്ടക്കുട്ടികളുടെ അമ്മയായ പാരമ്പര്യത്തിന്റെ തണലിൽ ഇന്നും ഭക്തർ മണ്ണാറശാലയിലേക്ക് ഓടിയെത്തുന്നു.

ദമ്പതിമാർ ക്ഷേത്രത്തിലെത്തി ഉരുളി വാങ്ങി പ്രാർത്ഥനയോടെ ക്ഷേത്രത്തിൽ സമർപ്പിക്കുന്നു. ചുവന്ന പട്ടിൽ ഉരുളിവച്ച് വാദ്യമേളങ്ങളോടെയാണ് ദമ്പതിമാരും ബന്ധുക്കളും ക്ഷേത്രപ്രദക്ഷിണം നടത്തി നടയിൽ ഉരുളി സമർപ്പിക്കുന്നത്. വലിയമ്മ ഉരുളി സ്വീകരിച്ച് പ്രത്യേക സ്ഥാനത്ത് കമിഴ്ത്തുന്നു. അമ്മയിൽ നിന്ന് ഭസ്മപ്രസാദവും അനുഗ്രഹവും വാങ്ങി മടങ്ങുന്ന ദമ്പതികൾ പിന്നീട് കുഞ്ഞുമായി വരുമ്പോഴാണ് ഉരുളി നിവർത്തുന്നത്. ഇരട്ടക്കുട്ടികളുമായി ഉരുളി നിവർത്താനെത്തുന്നതും അത്യന്തം ഭക്തിസാന്ദ്രമായ കാഴ്ചയാണ്. ശാസ്ത്രചികിത്സ തോറ്റിടത്താണ് ഈ വിശ്വാസം വിജയിക്കുന്നത്.

മണ്ണാറശ്ശാല ക്ഷേത്രത്തിലെ ആചാരങ്ങളും വിശ്വാസങ്ങളും പ്രതിഷ്ഠാരൂപങ്ങളും വഴിപാടുകളുമൊക്കെ ഈ പുതിയ കാലത്തും മനുഷ്യരുടെ സാന്ത്വനത്തിനും ജീവിത ആയോധനത്തിനുമുള്ള മരുന്നെന്ന നിലയിൽ നിലനിൽക്കുന്നു എന്നത് ക്ഷേത്രത്തിന്റെയും നാഗാരാധനയുടെയും പ്രാധാന്യം വെളിപ്പെടുത്തുന്നു. മനുഷ്യന്റെ ജീവിതവും ജീവിതശൈലികളും ക്രമപ്പെടുത്തുന്നതിൽ ആരാധകർക്കുള്ള പങ്ക് ഇവിടെ കാണാം. നാട്ടോടിവിജ്ഞാനീയപഠനം ലക്ഷ്യംവെയ്ക്കുന്നതും മനുഷ്യന്റെ ഭൗതികവും ലൗകികവുമായ ജീവിതത്തിന്റെ ക്രമപ്പെടുത്തലുകൾക്ക് നിദാനമായ പ്രകൃതി പരിസ്ഥിതി നിലവാരങ്ങളിലേക്കാണ്. ആ അർത്ഥത്തിൽ മണ്ണാറശ്ശാല ക്ഷേത്രത്തിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്.

# പാട്ടും തുള്ളലും -

# ഒരു സാമുദായികചര്യ

മണ്ണാറശ്ശാല ക്ഷേത്രത്തിന്റെ നാഗാരാധനയുമായി ഇഴുകി ചേർന്ന ബന്ധമുള്ള ഒരു സമുദായത്തെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. പുള്ളുവർ എന്ന വിഭാഗത്തിൽപ്പെട്ട ജനസമൂഹം പ്രത്യേക പാരമ്പര്യവും സംസ്കാരികത്തനിമയുമുള്ളവരാണ്. ക്ഷേത്രോപജീവികൾ എന്ന് വിളിക്കാവുന്ന തരത്തിൽ ജീവിതം നയിക്കുന്ന നാഗക്ഷേത്രങ്ങളുടെ പ്രത്യേകിച്ച് മണ്ണാറശ്ശാല ക്ഷേത്രത്തിന്റെ അവിഭാജ്യ ഘടകമാണ് ഇവർ. ക്ഷേത്രത്തിലെ എല്ലാ ആരാധനകൾക്കും അവരുടെ പ്രസിദ്ധമായ പാട്ട്വഴിപാട് ഒഴിച്ചു കൂടാനാവാത്തതാണ്. പുള്ളുവൻപാട്ട് നാഗദൈവങ്ങളുടെ പ്രീതിയ്ക്ക് ഭക്തജനങ്ങൾ വഴിപാടായി നടത്തുകയും പുള്ളുവർ ഭക്തജനങ്ങൾക്കുവേണ്ടി പാട്ട് ആലപിക്കുകയും ചെയ്യുന്നു. പുള്ളുവന്മാരുടെ ജീവിതം, വിശ്വാസം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## പുള്ളുവർ

ഭൂമിയുടെ ഉത്ഭവവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് പുള്ളുവരുടെ ഉത്പത്തി. അതിനെ സംബന്ധിച്ച ഐതീഹ്യം ഇങ്ങനെയാണ്. നാഗക്ഷേത്രങ്ങളിലെ ബ്രാഹ്മണകർമ്മങ്ങളിൽ സർപ്പങ്ങൾ തൃപ്തരല്ലാതെ വരികയും ബ്രാഹ്മണർ ത്രിമൂർത്തികളെ അഭയം പ്രാപിക്കുകയും ചെയ്തു എന്നും വാദ്യശബ്ദത്തിൽ സർപ്പങ്ങൾക്കുള്ള താത്പര്യം മനസ്സിലാക്കിയ ത്രിമൂർത്തികൾ കുടവീണ, ബ്രഹ്മക്കുടം, വിഷ്ണുതാളം എന്നീ വാദ്യങ്ങൾ കൊണ്ട് അവയെ പ്രീതിപ്പെടുത്തുന്നതിനായി 'പുള്ളുവർ' എന്ന സമുദായത്തെ നിയോഗിച്ചു എന്നുമാണ് വിശ്വസിക്കപ്പെടുന്നത്.

ഉത്തരകേരളത്തപ്രദേശങ്ങളിൽ സർപ്പക്കാവുകളിലും നാഗക്ഷേത്രങ്ങളിലും പാട്ട് പാടുന്നവരാണ് പുള്ളുവന്മാർ. മതത്തിന്റെയും ജാതിവർഗ്ഗചിന്തകളുടെയും ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കുന്നവരാണിവർ. മറ്റു ജാതികളിൽ നിന്നും വ്യത്യസ്തമായ പല ആചാരങ്ങളും അനുഷ്ഠിക്കുന്ന സമുദായക്കാരാണിവർ. ആദ്യകാല പുള്ളുവന്മാരെ കുലപതികളായും കുലാചാര്യന്മാരായും അംഗീകരിച്ചിരിക്കുന്നു. ആ സാമുദായക്കാർക്കിടയിൽ പുള്ളുവൻപാട്ട്, സർപ്പംതുള്ളൽ, കാവുകാണൽ കർമ്മം എന്നീ ആചാരങ്ങൾ ഇന്നും നിലനിൽക്കുന്നു. കേരളത്തിൽ നാഗാരാധനയുമായി പുള്ളുവർക്ക് അടുത്ത ബന്ധമുണ്ട്. ഒരു വിഭാഗം പുള്ളുവന്മാർ നാഗദൈവങ്ങളെ പരദേവതകളായി ആരാധിക്കുന്നു. എന്നാൽ മിക്കപുള്ളുവർക്കും പ്രത്യേകം സർപ്പക്കാവുകളില്ല. പുള്ളുവന്മാരുടെ സംഗീതകലാപാരമ്പര്യത്തെ ആധുനിക കാലത്തെ സംഗീതജ്ഞർ പോലും അംഗീകരിക്കുന്നു.

## പുള്ളുവൻപാട്ട്

പുള്ളുവൻമാരുടെ സാമുദായികപശ്ചാത്തലം ഈ പാട്ടുകളിൽ ദൃശ്യമാണ്. കളത്തിൽ വരയ്ക്കുന്ന നാഗങ്ങളുടെ വർഗ്ഗവും ഇനവും അനുസരിച്ചായിരിക്കും സർപ്പം പാട്ടിന്റെ സാഹിത്യം നാഗരാജവിന്റെയും നാഗയക്ഷിയുടെയും

ശ്രീകോവിലിനുമുന്നിലാണ് പുള്ളുവസംഘം പാടുന്നത്. ഭക്തജനങ്ങൾ പുള്ളുവർക്ക് മുന്നിൽ ദക്ഷിണ സമർപ്പിച്ച് പേരും നാളും പറഞ്ഞാണ് പാടിക്കുന്നത്. സർവ്വദോഷങ്ങൾക്കും പരിഹാരമാണ് ഈ പ്രത്യേക വഴിപാട്. രാഹുദോഷം, ശത്രുദോഷം, മംഗല്യദോഷം എന്നിവയുടെ പരിഹാരത്തിനായും വീട്, ഭൂമി, വൃക്ഷം എന്നിവയുടെ ഐശ്വര്യത്തിനായും ഭക്തർ പുള്ളുവരെക്കൊണ്ട് പാടിക്കാറുണ്ട്.

## പുള്ളുവവാദ്യങ്ങൾ

### പുള്ളുവക്കുടം

അതീവ ശ്രദ്ധയോടുകൂടിയാണ് പുള്ളുവക്കുടം നിർമ്മിക്കുന്നത്. പുള്ളുവക്കുടത്തിനുള്ള മണ്ണ് തെരഞ്ഞെടുക്കുന്നതു മുതൽ നിർമ്മാണത്തിന്റെ അവസാനഘട്ടം വരെ ചിട്ടകളും ക്രമവും അനുഷ്ഠാനങ്ങളും എല്ലാം തുടർന്നു പോകുന്നു. പുള്ളുവക്കുടത്തെ സംബന്ധിച്ച ഐതീഹ്യമിതാണ്. പാലാഴിമദനത്തെ തുടർന്ന് ലഭിച്ച അമൃത് സൂക്ഷിക്കുന്നതിനായി ദേവശില്പിയായ വിശ്വകർമ്മാവാണ് ആദ്യത്തെ മൺകുടമുണ്ടാക്കിയത്. ശിവന്റെ വിവാഹത്തിനാവശ്യമായ വലിയ പാനി നിർമ്മിക്കുവാൻ ആർക്കും കഴിയാതെ വന്നതിനെത്തുടർന്ന് തന്റെ രുദ്രാക്ഷം പൊട്ടിച്ച് രണ്ട് കഷണങ്ങളാക്കി അതിൽ നിന്ന് ഒരു പുരുഷനെയും സ്ത്രീയേയും സൃഷ്ടിച്ചു. ഇതാണ് പുള്ളുവക്കുടത്തിന്റെ ജന്മത്തിനെക്കുറിച്ചുള്ള ഐതീഹ്യം.

### പുള്ളുവ വീണ

ചിട്ടയോടെ നിർമ്മിച്ച പുള്ളുവ വീണയും കുടവുമാണ് പുള്ളുവൻ പാട്ടിലെ വാദ്യങ്ങൾ. കുമിഴ്, പ്ലാവ് മുതലായ മരം കൊണ്ടാണ് ഈ വാദ്യം ഉണ്ടാക്കുന്നത്. വ്യത്യസ്തയോടും ചിട്ടയോടും കൂടിയാണ് പുള്ളുവവീണ നിർമ്മിക്കുന്നത്.

പുള്ളുവവീണയ്ക്കും പുള്ളുവക്കുടത്തിനും പുറമെ പുള്ളുവന്മാർ ഇലത്താളവും വാദ്യമായി ഉപയോഗിക്കാറുണ്ട്. കളം വരച്ച് തുള്ളൽ നടത്തുമ്പോൾ ഈ വാദ്യങ്ങളുടെ കൂട്ടായ ഉപയോഗം കാണാം. തനി ഗ്രാമീണമായ ഈ സംഗീതോപകരണങ്ങൾ നിർമ്മാണത്തിലും കാഴ്ചയിലും പ്രാകൃതമാണെന്ന് തോന്നാമെങ്കിലും അവയിൽ നിന്നുയരുന്ന നാദം ശ്രവ്യമധുരമാണ്.

## സർപ്പംതുള്ളൽ

സർപ്പംതുള്ളലിന് തുടക്കം കുറിയ്ക്കുന്നത് പിണിയാളുകളുടെ വ്രതാനുഷ്ഠാനത്തോടെയാണ്. നാൽപ്പത് വയസ്സിനു മേൽപ്രായമുള്ള പുരുഷനെ നാഗരാജവായും സ്ത്രീയെ നാഗയക്ഷിയായും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ നാഗകന്യകമാരായും സങ്കൽപ്പിച്ച് പിണിയാളുകളായി തെരഞ്ഞെടുക്കുന്നു. സർപ്പം തുള്ളലിലെ വളരെ പ്രധാനമായ ഒരു ചടങ്ങാണ് നാളികേരം മുറിച്ച്

ഫലത്തെ ചിന്തിക്കുക എന്നത്. പുള്ളുവാചാര്യൻ പിണിയാളിനെക്കൊണ്ട് ദേഹപൂജാദികളും സർപ്പക്കളത്തിൽ നൂറും പാലും നടത്തുകയും പിന്നീട് പിണിയാളുകളെക്കൊണ്ട് പൂവും വെള്ളവും അർപ്പിച്ച് കർമ്മമോചനം വരുത്തുകയും ചെയ്യുന്നു.

പ്രകൃതിദത്തമായ വസ്തുക്കൾകൊണ്ട് നിർമ്മിക്കുന്നതാണ് പഞ്ചവർണ്ണപ്പൊടികൾ. അരിപ്പൊടിയും, മഞ്ഞൾപ്പൊടിയും ചുണ്ണാമ്പും(ചുവന്നപൊടി) ചേർത്ത് മുറത്തിൽ ഇട്ട് കൂട്ടിയെടുക്കുന്ന പൊടിയും, ഓടിന്റെ പൊടിയും, മഞ്ചാടിയുടെ പച്ചിലകൾ ഉണക്കിപ്പൊടിച്ചെടുക്കുന്നതും, ഉമിക്കരിയുമാണ് ശാസ്ത്രമായി സർപ്പക്കളം വരയ്ക്കാനുപയോഗിക്കുന്നത്. അരിപ്പൊടി പാമ്പിന്റെ മാംസത്തെയും ചുവന്നപൊടി രക്തത്തെയും ഓടുപൊടി മജ്ജയെയും പച്ചപ്പൊടി ഞരമ്പുകളെയും, ഉമിക്കരി (കരിപ്പൊടി) തൊലിയെയും പ്രതിനിധാനം ചെയ്യുന്നു എന്നാണ് ആചാര്യന്മാർ പറഞ്ഞുവരുന്നത്.

## കാവുകാണൽകർമ്മം

മൂന്ന് ദിവസത്തെ സർപ്പം തുള്ളലിനോടനുബന്ധിച്ച് നടത്തുന്ന ചടങ്ങാണിത്. വ്രതാനുഷ്ഠാനത്തോടുകൂടിയവർ സർപ്പക്കുളത്തിൽ കുളിച്ച് സർപ്പക്കാവിലേക്ക് പോകുന്നതോടുകൂടിയാണ് കാവുകാണൽ കർമ്മം ആരംഭിക്കുന്നത്. കാവുകളിൽ പ്രതിഷ്ഠിച്ചിട്ടുള്ള നാഗവിഗ്രഹങ്ങളിൽ വ്രതമുള്ളവർ നല്ലെണ്ണ, ഇഞ്ച, ചെത്ത് കരിക്ക്, പശുവിൻ പാൽ, പനിനീർ, മഞ്ഞൾപ്പൊടി എന്നിവകൊണ്ട് അഭിഷേകം നടത്തുന്നു. പിന്നീട് നാഗവിഗ്രഹങ്ങളെ പൂമാലകൾകൊണ്ട് അലങ്കരിച്ച് പാലും പഴവും നിവേദ്യങ്ങളായി സമർപ്പിച്ച ശേഷം വ്രതമുള്ളവരിലെ ദേവചൈതന്യത്തെ വിഗ്രഹത്തിലേക്ക് ചേർക്കുന്നു. പിന്നീട് എല്ലാവരും തൊഴുത് മടങ്ങുന്നതോടെ കാവുകാണൽ കർമ്മം അവസാനിക്കുന്നു.

## സർപ്പബലി

സർപ്പംതുള്ളലിന്റെ അവസാന ദിവസത്തെ രാത്രിയിൽ അത്താഴപൂജയ്ക്കു ശേഷം അഷ്ടനാഗങ്ങളെ സങ്കൽപ്പിച്ച് നടത്തുന്ന ചടങ്ങാണിത്. മരിച്ചുപോയതും അല്ലാത്തതുമായ സർപ്പദേവന്മാർക്ക് നിവേദ്യാദി പൂജകളും അരിയും പൂവും വെച്ചുള്ള ബലിയും കരിക്ക്, പശുവിൻ പാൽ, എള്ള്, മലർ, കവുങ്ങിൻ പൂക്കുല, നെയ്യ് ഇവ ചേർത്ത് തയ്യാറാക്കുന്ന നൂറും പാലും അർപ്പിക്കലുമാണ് സർപ്പബലിയിൽ പ്രധാന ചടങ്ങുകൾ.

## ഭൂതബലി, നാഗബലി

സർപ്പബലി കഴിഞ്ഞ് ഭൂമി, സ്വർഗ്ഗം, പാതാളം, സമുദ്രം, പർവ്വതം എന്നിവിടങ്ങളിലെ സർപ്പങ്ങളെ സർപ്പദേവസങ്കൽപ്പത്തിൽ ആവാഹിക്കുന്ന ചടങ്ങാണിത്. കിഴക്ക് വടക്കായി തയ്യാറാക്കിയ ശരകൂടപന്തലിൽ താൽക്കാലികമായി

പ്രതിഷ്ഠിച്ചിട്ടുള്ള സർപ്പവിഗ്രഹത്തിൽ നാഗദേവ ചൈതന്യത്തെ ആവാഹിക്കുകയാണ് ഈ ചടങ്ങിൽ ചെയ്യുന്നത്.

## സർപ്പക്കളം

തറയിൽ ഉദ്ദിഷ്ഠദേവതയുടെ കളം വരച്ച് ആരാധിക്കുന്ന രീതിയ്ക്ക് വിഗ്രഹാരാധനയോളം തന്നെ പഴക്കമുണ്ട്. കലയും അനുഷ്ഠാനവും ഒന്നിച്ച് ചേരുന്ന സവിശേഷമായ ഒരു സമ്പ്രദായമാണ് കളമെഴുത്ത്. കാവുകളിലും ക്ഷേത്രങ്ങളിലും വീടുകളിലും അനുഷ്ഠാന പൂജാദികർമ്മങ്ങളോടു കൂടി പഞ്ചവർണ്ണപ്പൊടികൊണ്ട് ചിത്രീകരിക്കുന്ന രൂപങ്ങളാണ് കളങ്ങൾ. വൃത്താകൃതിയിലും ചതുരാകൃതിയിലും കോണുകളോടുകൂടിയതുമായ കളങ്ങളും വരയ്ക്കാറുണ്ട്. പഴയകാല ജനത അവരുടെ മനസ്സിൽ നാഗങ്ങൾക്കും ഇടം നൽകി തനി കേരളീയമായ ചിത്രകലാപാരമ്പര്യത്തിന്റെ ഉത്തമദൃശ്യമാണ് സർപ്പക്കളത്തിൽ ദൃശ്യമാകുന്നത്. ഉത്തര കേരളത്തിൽ സർപ്പം തുള്ളലിന്റെ ഭാഗമായി ഗൃഹങ്ങളിലും നാഗക്കളങ്ങൾ വരയ്ക്കാറുണ്ട്.

# കൂട്ടായ്മയും

# പ്രസക്തിയും

## സർപ്പം തുള്ളലിന്റെ കൂട്ടായ്മ

നാടൻ കലകളിലധികവും കൂട്ടായ്മയുടെ സന്ദേശമാണു നൽകുന്നത്. ഒരു വ്യക്തി മാത്രമല്ല സമൂഹം മുഴുവൻ അതിൽ പങ്കാളികളാവുന്നു. ഓരോ അവസരത്തിലും കൂട്ടായ്മയുടെ സംഭാവനകൾ അതിൽ ദൃശ്യമാകുന്നുണ്ട്. സർപ്പം തുള്ളലിലും അത്തരം കൂട്ടായ്മകളുണ്ട്. സൂര്യനസ്തമിച്ചു കഴിഞ്ഞാലാണ് സർപ്പം തുള്ളലിലെ ചടങ്ങുകൾ ആരംഭിക്കുന്നത്. സർപ്പം തുള്ളൽ നടക്കുന്ന വീട്ടിൽ സമീപവാസികൾ എല്ലാം തന്നെ ഒത്തുചേരുന്നു.

ജനങ്ങളുടെ മതവിശ്വാസങ്ങളെ അടിസ്ഥാനമാക്കി ബലപ്പെടുത്തി കൊണ്ടുള്ള രീതിയാണ് സർപ്പം തുള്ളലിൽ നിലനിൽക്കുന്നത്. സാമൂഹിക സഹകരണവും മാനസിക വിവേചനവും കൂടി സാധ്യമാക്കുന്നതിലൂടെ പ്രായോഗികമായൊരു ശുദ്ധീകരണവും കൂട്ടായ്മയും സർപ്പം തുള്ളലിലൂടെ സാധ്യമാകുന്നു.

പുള്ളുവൻ പാടുന്ന പാട്ടുകൾ കളത്തിലിരിക്കുന്ന കന്യകമാരുടെ കാതുകളെശ്രുതി മധുരമായി ബാധിക്കുന്നു. മുന്നിലെ ചിത്രകാഴ്ചയും കേഴ്വിയുടെ ശ്രുതി മാധുര്യവും കന്യകമാരിൽ അനുഭൂതി സൃഷ്ടിക്കുന്നു. പ്രകൃതിദത്തമായ വർണ്ണങ്ങൾക്കൊണ്ട് ആലേഖനം ചെയ്ത് സർപ്പക്കളത്തിലെ നാഗങ്ങൾ പുള്ളുവപ്പാട്ടുകേട്ടുണരുന്നു. ചിത്രത്തിന് പ്രകാശം നൽകുന്നത് ചുറ്റും തെളിയിച്ച നിലവിളക്കുകളാണ്. നാഗകെട്ടുകളും പൊരുത്തവും ഭാഷയും സവിശേഷതയും നിറഞ്ഞതാണ്. സർപ്പക്കളത്തിന്റെതു മാത്രമായ പ്രതീകങ്ങളുടെ ചിത്രീകരണവും ഒപ്പം ഒരു സമൂഹത്തിന്റെ കൂട്ടായ്മയും കാണാൻ കഴിയുന്നു.

## മണ്ണാറശ്ശാല പുതിയകാലത്തെ പ്രസക്തി

പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതം സംസ്കാരത്തിന്റെ ഭാഗമാക്കുന്നതിനാണ് സർപ്പാരാധന നൂറ്റാണ്ടുകൾക്കു മുന്നേ മനുഷ്യൻ ആരംഭിച്ചത്. കാവുകളെ നശിപ്പിക്കാൻ ആരംഭിച്ചതോടെയാണ് കാവുകളോട് ചേർന്ന് സർപ്പാരാധന തുടങ്ങിയത്. കാവുകളിൽ നാഗദൈവങ്ങൾക്കു മുന്നിൽ പ്രാർത്ഥിച്ചിരുന്ന കുടുംബങ്ങൾ വലിയൊരു പ്രദേശത്ത് ആപൂർവ്വമായ വൃക്ഷങ്ങളെയും സസ്യങ്ങളെയും സംരക്ഷിക്കുകയാണുണ്ടായത്. കാവ് വെട്ടുന്നത് പാപവും ദോഷവുമാണെന്ന പ്രചാരത്തിലൂടെ വായു, ജലം എന്നിവയുടെ സംരക്ഷണമാണ് ലക്ഷ്യം വച്ചിരുന്നത്. മണ്ണാറശ്ശാല നാഗക്ഷേത്രത്തിനു ചുറ്റും മുപ്പതേക്കറോളം സ്ഥലത്താണ് കാവ് സംരക്ഷിച്ചു വരുന്നത്. പ്രകൃതിയെയും മണ്ണിനെയും കുറിച്ച് മണ്ണാറശ്ശാലക്കാവുകൾ അവബോധം നൽകുന്നു. പ്രകൃതിയെ അടുത്തറിയാനും പ്രകൃതിയുമായി ചേർന്ന് ജീവിക്കാനും മണ്ണാറശ്ശാല നമ്മെ പഠിപ്പിക്കുന്നു. കാവുകളും പാമ്പുകളുമെല്ലാം മനുഷ്യജീവന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന സന്ദേശം മണ്ണാറശ്ശാല നമ്മിലെത്തിക്കുന്നു. പാരിസ്ഥിതികവും ജൈവികവുമായ സന്തുലനാവസ്ഥ നിലനിർത്തു

ന്നതിൽ നാഗാരാധന പോലുള്ള ആചാരങ്ങളും മണ്ണാറശ്ശാല പോലുള്ള ക്ഷേത്രങ്ങളും ആവശ്യമാണ്.

ഇക്കാലത്തും വൃക്ഷങ്ങളെ ആരാധിക്കുന്ന സ്ഥലം ഒരു പക്ഷേ മണ്ണാറശ്ശാല മാത്രമായിരിക്കാം. വൈവിധ്യമാർന്ന ജന്തുജാലങ്ങളും കുളങ്ങളും നിറഞ്ഞ വിശുദ്ധവനമാണ് മണ്ണാറശ്ശാല. വൃക്ഷങ്ങൾ വെട്ടിമാറ്റിയുള്ള ഒരു വികസനവും മണ്ണാറശ്ശാലയിലില്ല. ക്ഷേത്രത്തിൽ നിൽക്കുന്ന പല വൃക്ഷങ്ങളുടെയും പഴക്കം നിശ്ചയിക്കാൻ തന്നെ വളരെ പ്രയാസമാണ്. 687 തരം സസ്യങ്ങൾ കാവിലുണ്ടെന്നാണ് തിരിച്ചറിഞ്ഞിട്ടുള്ളത്. ഇവയിൽ സഹ്യപർവ്വതനിരകളിൽ മാത്രമുള്ള 27 സസ്യങ്ങളും ഉൾപ്പെടുന്നു. പരിസ്ഥിതി വിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നോക്കിയാൽ മണ്ണാറശ്ശാലയുടെ പ്രാധാന്യം വളരെ വലുതാണ്. മനുഷ്യരും പ്രകൃതിയും ഒത്തുചേരുന്നിടത്ത് പറയുവാനാകാത്ത ആത്മീയാനുഭൂതി ഇവിടത്തെ കാവുകൾ ഭക്തജനങ്ങൾക്ക് നൽകുന്നു. ഈ ഒരു കാരണത്താൽ തന്നെ വിവിധ ദേശങ്ങളിൽ നിന്നും വരുന്ന ജനങ്ങളുടെ ഒരു കൂട്ടായ്മയും ഈ ക്ഷേത്രത്തിലുണ്ടാകുന്നു.

## അനുബന്ധം

## സർപ്പങ്ങളുടെയും സർപ്പക്കാവിന്റെയും ഉത്ഭവത്തെ പ്രതിപാദിക്കുന്ന പുള്ളുവൻപാട്ട്

കർക്യാന്തി മൂന്നും മാസങ്ങളിലാകുന്നു

സർപ്പിക്കു ഗർഭവുമുണ്ടായി വരുന്നത്

മാസവും നാലി തികഞ്ഞ് കഴിയുമ്പോൾ

ആയാസഹീനമായ് സർപ്പികളെക്കവേ

ഏഴേഴു വീതമായ് മൂന്നൂറിക്കിങ്കലങ്ങ്

ഊനം വെടിഞ്ഞതാം മുട്ടയിടുന്നഹോ

രക്തമായിട്ടൊന്ന് പീതമായിടുന്നഹോ

മിശ്രിതമായൊന്നതിലുള്ള ലക്ഷണം

വിശദം മൃാകൃതി കേൾക്കാതപുംസകം

പിന്നെ ക്രമേണ പതിനഞ്ചു വാസരം

ചെന്നാലുടൻ മുട്ടപൊട്ടുമസംശയം

ദേഹം ചുമന്നും കറുത്തശിരസ്സുമായി

ഈശാന കുലം വെളിയിൽ വരുന്നതാം

തന്നുടെ മാതാവ് തന്നെയവർകളിൽ

മൂന്നിനെ വർജ്ജിച്ചു തിന്നുമശേഷവും

ശേഷിച്ച മറ്റേത് പിന്നെമാംസവും

പിന്നഞ്ചുവാസം ചെന്നാൽ സ്വബോധവും

വന്നീടുമീവകക്കെന്നറിഞ്ഞീടണം

അപ്പോഴവകളും സൂര്യനെ നോക്കി

ഭജിക്കും മുറ കണ്ട് ഭക്തിയോടൊത്തഹോ

നാളീകബന്ധുവാം സൂര്യനെ നോക്കി

ഭജിക്കും മുറ കണ്ട് ഭക്തിയോടൊത്തഹോ

നാളീകബന്ധുവാം സൂര്യനിൽ നിന്നിട്ടു
കാളകൂടത്തെ ധരിക്കുന്നു പിന്നിവ
ഇങ്ങനെ നാളിങ്ങിനിരുപതു ചൊല്ലുമ്പോൾ
പല്ലു മുളച്ചീടും മുപ്പത്തിരണ്ടഹോ
ആയതിനാൽ നാല് വിഷപ്പല്ലുമുണ്ടിവ
മായമില്ലാതെ പറഞ്ഞീടുന്നേഷണൻ
കാളികരായി യമൻ യമദൂതി
നാലു പല്ലിന്നുമിപ്പേരാകുന്നു
കൈമുഴം നീളമുണ്ടാറുമാസം കൊണ്ട്
കൈവരും പാമ്പുകൾക്കില്ലെന്നതുകൊണ്ട്
സ്രേത്രങ്ങൾ പാമ്പുകകൾക്കെന്നറിഞ്ഞീടേണം
നേത്രങ്ങൾ ഗ്രഹിക്കുന്നു ശബ്ദവും
കേൾക്കും ദശാന്തരെ കാണുകയില്ലല്ലോ
നോക്കും വിരാഹന്ത കേൾക്കയുമില്ലല്ലോ
എന്നതുകൊണ്ടിങ്ങി വർക്കുചക്ഷുസ്രവസ്സ്
എന്നൊരു നാമമുണ്ടുയർത്തമായ്
കീരി, ചകോരം, പരുന്തുകളൊട്ടകം
കാറ്റാടി, സൂകരം മിന്നലും പൂച്ചയും
തെറ്റൊന്നിവകളിലൊന്നുവന്നേകാദാ
പറ്റിക്കയില്ലാ മരണമെന്നാകിലോ
നൂറ്റിരുപത്തഞ്ചു വത്സരം പാമ്പുകൾ
കുറ്റം വെടിഞ്ഞു വസിച്ചീടും പാരിൽ
നല്ലതായുള്ളോരു നാഗങ്ങളൊക്കെയും
കൊല്ലമൊരായിരം ജീവിച്ചിരുന്നീടും
അഞ്ഞൂറു വത്സരം ചെല്ലുമ്പോഴങ്ങവ

സ്വജ്ഞാന ഭക്ത്യാ തപസ്സ് ചെയ്തീടുന്നു
വാക്കും തപസ്സിൽ പ്രഭാവങ്ങളെക്കൊണ്ട്
ഗാത്രം ചുരുങ്ങി ഫണങ്ങളോടടുക്കുന്നു
ചിത്രമിവരുടെ ഗാത്രം ചുരുങ്ങിയാൽ
പാത്രങ്ങളായി വരുന്നു ഫണങ്ങളും
നിത്യം ഹര ഹരയെന്നു ചൊല്ലീടുന്നു
മൃത്യുഞ്ജയനതാ നിന്നോടു ചേരും
അനന്തരം അഗ്നിയെ നോക്കി പറഞ്ഞുടൻ
മൃന്ദേതരോത്സാഹം മോടവരവുംവിധൗ
അല്പമാം ദേഹം വെടിഞ്ഞു തദ്ദേഹിയും
ക്ഷിപ്രമത്രന്യേടലണയുന്നനന്തരം
ദേഹമാവഗ്നിയിൽ വീണിടും സത്വരം
ഭസ്മമായ് വീഴുമോ ദിക്കിനെ സർവ്വരും
സർപ്പക്കാവെന്നു പറഞ്ഞീടുന്നാനഹോ
നൽപ്പൂർണ്ണചന്ദ്രാപമാനിനെ കേൾക്കണം.

## മണ്ണാറശ്ശാല വലിയമ്മ - ഉമാദേവി അന്തർജ്ജനം

ആയിരം പൂർണ്ണചന്ദ്രന്മാരെ ദർശിച്ച മഹാതേജസ്വിനിയായ മണ്ണാറശ്ശാല വലിയമ്മ ഉമാദേവി അന്തർജ്ജനത്തിന്റെ ജീവിതം നാഗാപൂജയ്ക്കായി മാത്രം. വെളുപ്പിനെ 5 മണിക്ക് അമ്മയുടെ ഒരു ദിവസം തുടങ്ങുകയായി. തീർത്ഥക്കുളത്തിൽ കുളിച്ച് ഈറൻ കസവ് വേഷ്ടിയുമുടുത്ത് ശ്രീകോവിലിനടുത്തുള്ള തേവാരപ്പുരയിലേക്ക് നടത്തം. അവിടെ പ്രതിഷ്ഠിതമായിരിക്കുന്ന നാഗദൈവങ്ങളുടെ പീഠത്തിൽ പൂജയ്ക്ക് ശേഷം ഇല്ലത്തിലാണ് ജലപാനം.

തുടർന്ന് ഇല്ലത്തെ പടിഞ്ഞാറെ മുറിയിൽ വാതിലിനടുത്ത് ഭക്തജനങ്ങൾക്ക് ദർശനം. ഉച്ചയ്ക്ക് ഉണക്കലരി വറ്റിച്ച ചോർ അടങ്ങിയ സസ്യഭക്ഷണം. അതിന് ശേഷം പുരാണഗ്രന്ഥപാരായണം, ജപം, എന്നിവ ഉണ്ടാകും. വീണ്ടും ഭക്തജനങ്ങൾക്ക് ദർശനം അതുകഴിഞ്ഞാൽ സന്ധ്യാനാമം, ജപം, ഗ്രന്ഥപാരായണം. രാത്രിഭക്ഷണം കഴിഞ്ഞ് ഒമ്പതുമണിക്ക് ഉറക്കം.

നാഗോപാസന ജീവിത വ്രതമാക്കിയ നാഗദൈവങ്ങളുടെ മാതൃസ്ഥാനീയ, മഹാതപസ്വിനി, വലിയമ്മയുടെ ദർശനപുണ്യം അനുഭവിക്കാൻ ആയിരങ്ങളാണ് മണ്ണാറശ്ശാലയിലേക്ക് ഒഴുകുന്നത്. മണ്ണാറശ്ശാല വലിയമ്മയായിരുന്ന സാവിത്രി അന്തർജ്ജനത്തിന്റെ സഹായിയായിരുന്നു 38 വർഷം ഉമാദേവി അന്തർജ്ജനം തുടർന്ന് രണ്ട് പതിറ്റാണ്ടായി നാഗപൂജയ്ക്കായി മാത്രം അമ്മയുടെ ജീവിതം സമർപ്പിക്കപ്പെട്ടിരിക്കുന്നു.

കോട്ടയം മാഞ്ഞാനം ചെമ്പകനല്ലൂർ ഇല്ലത്തെ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും രുഗ്മിണി അന്തർജ്ജനത്തിന്റെയും ഏകമകൾ ഉമാദേവിയെ 22-ാം വയസ്സിലാണ് മണ്ണാറശ്ശാല ഇല്ലത്തെ എം.ജി. നാരായണൻ നമ്പൂതിരി വേളി കഴിച്ചുകൊണ്ടുവന്നത്. 6 വർഷത്തെ ദാമ്പത്യത്തിൽ ഒരു മകളുണ്ട്. ഭർത്താവിന്റെ മരണത്തിനുശേഷം അന്നത്തെ വലിയമ്മ സാവിത്രി അന്തർജ്ജനത്തിന്റെ സന്തത സഹചാരിയായിക്കഴിഞ്ഞ ഉമാദേവി 66-ാം വയസ്സിലാണ് പൂജാരിണിയായി സ്ഥാനമേറ്റത്. 1993 ഒക്ടോബർ 24 ന് സാവിത്രി അന്തർജനം സമാധിയായതിനെത്തുടർന്ന് ഉമാദേവി അന്തർജ്ജനം വലിയമ്മയായി അവരോധിക്കപ്പെട്ടു.

പതിനേഴ് മാസത്തെ കഠിനവ്രതം കഴിഞ്ഞ് 1995 മാർച്ച് 22 നാണ് ഉമാദേവി അന്തർജ്ജനം മണ്ണാറശ്ശാലയിൽ പൂജ തുടങ്ങുന്നത്. ഇല്ലത്തെ കാരണവർ സുബ്രഹ്മണ്യൻ നമ്പൂതിരിയിലൂടെ വേദമന്ത്രങ്ങളെല്ലാം സ്വായത്തമാക്കി. തുടർന്ന് ജീവിതം നാഗപൂജയ്ക്കായി മാത്രം

ആയില്യം പൂജയും മറ്റ് പ്രധാന പൂജകളും അമ്മയുടെ നേതൃത്വത്തിലാണ് നടക്കുന്നത്. പൂജ കഴിഞ്ഞുള്ള സമയം അമ്മ ഇല്ലത്തെ പടിഞ്ഞാറെ മുറിയുടെ വാതിലിനടുത്ത് ഭക്തർക്ക് ദർശനം നൽകും. ഇവിടെ ഭക്തർക്ക് അവരുടെ സങ്കടങ്ങൾ ഉണർത്തിക്കാം. എല്ലാത്തിനും പരിഹാരം അമ്മയുടെ സാന്ത്വന വാക്കുകളിലുണ്ട്.

# ഉപസംഹാരം

നാഗാരാധന എന്ന അനുഷ്ഠാനരീതി ഫോക്‌ലോറിന്റെ മുഖമുദ്രയാകുന്നതെങ്ങനെ എന്ന് ചിന്തിക്കുന്നിടത്താണ് ഈ പഠനത്തിന്റെ പ്രസക്തി. ഫോക്‌ലോറിന്റെ എല്ലാ സവിശേഷതകളും പ്രതിഫലിപ്പിക്കുന്നതാണ് നാഗാരാധന. സവിശേഷമായ ആചാരാനുഷ്ഠാന രീതികൾ നൂറ്റാണ്ടുകളായി തുടർന്നു വരുന്ന കേരളത്തിലെ നാഗാരാധനാലയങ്ങളിൽ വ്യത്യസ്തത പുലർത്തുന്നതും പ്രമുഖവുമാണ് മണ്ണാറശ്ശാല ക്ഷേത്രം. ഈ സവിശേഷതകൾ കൊണ്ടുതന്നെ നാടോടിവിജ്ഞാനീയവുമായി ഇഴപിരിയാത്തബന്ധം മണ്ണാറശാല ക്ഷേത്രത്തിന് മറ്റുള്ള ക്ഷേത്രങ്ങളെ അപേക്ഷിച്ച് കൂടുതലായിട്ടുണ്ട്.

ഫോക്‌ലോറിന്റെ പ്രധാനസവിശേഷതയായ കൂട്ടായ്മ മണ്ണാറശ്ശാലക്ഷേത്രത്തിലെ ആരാധനാ രീതികളിൽ കൂടുതലായി പ്രതിഫലിച്ചുകാണുന്നു. ആയില്യം മഹോത്സവത്തിൽ വിവിധ ജാതി മതസ്ഥരുടെ കൂട്ടായ പ്രവർത്തനവും സഹകരണവും നമുക്ക് കാണാൻ കഴിയുന്നു. പ്രശാന്തസുന്ദരമായ കാവും പരിസരവും വിവിധദേശങ്ങളിലുള്ള ഭക്തജനങ്ങളുടെ കൂട്ടായ്മ ക്ഷേത്രത്തിനുള്ളിലുണ്ടാക്കുന്നു. ക്ഷേത്ര ആചാരരീതികളിൽ ബ്രാഹ്മണ സമുദായവും പുള്ളുവസമുദായവും തമ്മിലുള്ള കൂട്ടായ പ്രവർത്തനം ജാതിചിന്തകൾക്ക് അതീതമായുള്ള കൂട്ടായ്മ കാണിക്കുന്നു.

മണ്ണാറശ്ശാല എന്ന കുടുംബക്കാരുടെ വർഷങ്ങളായി തുടർന്നുവരുന്ന അവകാശമാണ് ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾ-നൂറ്റാണ്ടുകളായി തലമുറകളിലൂടെ കൈമാറിവന്ന ആചാരാനുഷ്ഠാനരീതികളാണ് ഇവരിന്നും പിൻതുടർന്നുവരുന്നത്. ഈ വിശ്വാസങ്ങൾക്കോ ആചാരങ്ങൾക്കോ മാറ്റം വരുത്തുവാനോ ഇത് പാലിക്കാതിരിക്കാനോ ഈ കുടുംബക്കാർ അനുവദിക്കില്ല.

പരിസ്ഥിതിസംരക്ഷണത്തിനു വേണ്ടി വനം നിർത്തലും
സ്ത്രീപുരുഷ സമത്വവും ആധുനികർ പറഞ്ഞ് തുടങ്ങുന്നതിന് എത്രയോ തലമു
റയ്ക്കു മുമ്പുതന്നെ പ്രയോഗത്തിൽ വരുത്തിയവരാണ് മണ്ണാറശ്ശാല ഇല്ലക്കാർ. അമ്മ
സങ്കൽപം ഇതിന് ഉത്തമ ഉദാഹരണമാണ്. എഴുന്നൂറിൽപ്പരം ഔഷധസസ്യങ്ങൾ പുറ
ത്തുവിടുന്ന വായു ഭക്തരുടെ ശരീരത്തിനെയും മനസ്സിനെയും കുളിർപ്പിക്കുന്നു.
മണ്ണാറശ്ശാലദർശനം മനുഷ്യനെ വിഷമുക്തമാക്കുന്നതാണ്. നാഗദൈവങ്ങൾക്കായി
അർപ്പിക്കുന്ന മഞ്ഞളിന്റെ സുഗന്ധമുള്ള കാറ്റ് ഭക്തരെ രോഗങ്ങളിൽ നിന്നും വിമുക്ത
രാക്കുന്നു. കാവ് സന്ദർശിക്കുന്ന ഏതൊരു ഭക്തനും ദൈവവും പ്രകൃതിയും മനു
ഷ്യനും ഒന്നാണെന്ന ചിന്ത അനുഭവപ്പെടുന്നു. ദൈവം ഇവിടെ അനുഭൂതിയായി മാറു
ന്നു. ചരാചര പ്രകൃതിയിൽ പരനെ കണ്ടെത്തുന്ന ഭാരതീയ വഴക്കമാണ് ഈ ക്ഷേത്ര
ത്തിനും കാവിനും മരത്തിനും സർപ്പങ്ങൾക്കും പക്ഷികൾക്കുമെല്ലാം. ഇങ്ങനെ പാരി
സ്ഥിതികവിജ്ഞാനീയത്തിലൂടെ നോക്കിയാലും മണ്ണാറശ്ശാലയുടെ പ്രാധാന്യം വളരെ
വലുതാണ്.